**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 899** **24-02-2022 - ൽ മറുപടിയ്ക്ക്**

**വനം - വന്യജീവികളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം - വന്യജീവികളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ നടത്തുന്നവർക്കെതിരെ അന്വേഷണ, നിയമ നടപടികൾ കാര്യക്ഷമമാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | വനം-വന്യജീവികളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ നടത്തുന്നവർക്കെതിരെ അന്വേഷണ, നിയമ നടപടികൾ കാര്യക്ഷമമാക്കാൻ വനം വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. (a) വനം വന്യജീവികളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന കുറ്റക്കാർക്കെതിരെ 1972 വന്യജീവി (സംരക്ഷണ) നിയമം, കേരള ഫോറസ്റ്റ് ആക്ട് 1961, മറ്റ് വനനിയമങ്ങൾ എന്നിവ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. (b) വനംവന്യജീവി കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റകൃത്യം സംബന്ധിച്ച അന്വേഷണം കാര്യക്ഷമമാക്കുന്നതിനും ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ച് വരുന്നുണ്ട്. (c) വനം-വന്യജീവികളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളുടെ കൃത്യമായ വിവരങ്ങളടങ്ങിയ ഡേറ്റബെയ്സ് രൂപപ്പെടുത്തുന്നതിനും കേസുകളുടെ അന്വേഷണപുരോഗതി കാര്യക്ഷമമായി വിലയിരുത്തുന്നതിനും വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി HAWK(Hostile Activity Watching Kernel) എന്ന ഒരു ഓൺലൈൻ മൊഡ്യൂൾ വികസിപ്പിച്ചിട്ടുണ്ട്. ഫോറസ്റ്റ് സ്റ്റേഷൻ / സെക്ഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന വനം കുറ്റകൃത്യങ്ങൾ പ്രസ്തുത ഓൺലൈൻ മോഡ്യൂളിൽ രേഖപ്പെടുത്തി വരുന്നതും കുറ്റവാളികളെ സംബന്ധിക്കുന്ന വിവരങ്ങൾ കൃത്യമായി അപ്ഡേറ്റ് ചെയ്യപ്പെടുന്നതുമാണ്. വനംകുറ്റകൃത്യങ്ങൾ സംബന്ധിച്ച സ്ഥിരം കുറ്റവാളികളുടെ വിവരങ്ങൾ വളരെ വേഗം ലഭ്യമാകുന്നതിന് ടി സെൻട്രലൈസ്ഡ് ഓൺലൈൻ മോഡ്യൂൾ പ്രകാരം സാധിക്കുന്നതാണ്. (d) വനം കുറ്റകൃത്യങ്ങൾ പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ അത് വിളിച്ച് അറിയിക്കുന്നതിന് വനം വകുപ്പിന്24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ നമ്പർ (1800 425 4733) നിലവിലുണ്ട്. (e) വനം |

| | | | |
|---|---|---|---|
| | | | കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട വിവര ശേഖരണവും അന്വേഷണവും ഫലപ്രദമായി നടത്തുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിച്ചു വരുന്നു. (f) അന്തർ സംസ്ഥാന വന്യജീവി കേസ്സുകളുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നതിന് വൈൽഡ് ലൈഫ്ക്രൈം കൺട്രോൾ ബ്യൂറോയുടെ സേവനവും ഉപയോഗിച്ചു വരുന്നു. (g) വിവിധ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് സ്റ്റേഷൻ / സെക്ഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ അന്വേഷണ പുരോഗതിയും തുടർ നടപടിക്രമങ്ങളും വിവിധ ഡിവിഷൻ, സർക്കിൾ തലങ്ങളിൽ കൃത്യമായ ഇടവേളകളിൽ വിലയിരുത്തി വരുന്നതാണ്. (h) വനം-വന്യജീവി കേസ്സുകളുടെ അന്വേഷണവും പ്രോസിക്യൂഷൻ നടപടികളും ഫലപ്രദമായി നടത്തുന്നതിന് ആവശ്യമായ പരിശീലനം സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുഖാന്തിരം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ